കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

## 2015 - 2016

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് ഓഫീസ്, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-പികെഡി8/614/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 20.05.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ മെയിൽ മുഖേന)
3. അസിസ്റ്റന്റ് ഡെവലപ്പമെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്
4. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി8/614/2017 തീയതി – 20.05.2017

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 29.09.2015 മുതൽ 05.02.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.02.2017 മുതൽ 13.02.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്. പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| | വി.ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വി.ടി.ഉഷാകുമാരി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.കെ. ഗൗരി ടീച്ചർ | 01.04.15 മുതൽ<br>31.10.15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.15 മുതൽ<br>18.11.15 വരെ |
| | എസ്. ശിവരാമൻ<br>(മുൻ എം.പി) | 19.11.15 മുതൽ<br>31.03.16 വരെ |
| സെക്രട്ടറി | കെ.കെ. രാമദാസ് | 01.04.15 മുതൽ<br>31.01.16 വരെ |

| | | |
|---|---|---|
| | സൂസമ്മ ഐസക്, ബി.പി.ഒ (അധികച്ചുമതല) | 01.02.16 മുതൽ 18.02.16വരെ |
| | നിബു. ടി. കുര്യൻ | 19.02.16 മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പാറുക്കുട്ടി | 01.04.15മുതൽ 03.03.16വരെ |
| | ഉഷാദേവി | 04.03.16മുതൽ 31.03.16വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | കെ.സി.സുബ്രമണ്യൻ | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ചളവറ | ഡോ: ജിതിൻ രാമകൃഷ്ണൻ | 01.04.15മുതൽ 28.05.15വരെ |
| | ഡോ: മഞ്ജു കെ. നായർ | 29.05.15 മുതൽ 24.06.15വരെ |
| | ഡോ: സൗമ്യ വി.എം. | 25.06.15മുതൽ 06.07.15വരെ |
| | ഡോ: മിനി | 07.07.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, അമ്പലപ്പാറ | ഡോ: അശ്റഫ് എ. | 01.04.15 മുതൽ 08.11.15വരെ |
| | ഡോ: ശ്രീജ എം.കെ. | 09.11.15 മുതൽ 18.12.15വരെ |
| | ഡോ: അശ്റഫ് എ. | 19.12.15 മുതൽ 31.03.16വരെ |
| സി.ഡി.പി.ഒ. | സി. രാധിക | 01.04.15 മുതൽ 04.08.15വരെ |
| | വി.വി. ഉഷാകുമാരി | 05.08.15 മുതൽ 31.03.16വരെ |
| എസ്.സി.ഡി.ഒ | ഷാജി കെ.സി. | 01.04.15 മുതൽ 31.03.16വരെ |
| കൃഷി അസി. ഡയറക്ടർ | ഷീല പോൾ | 01.04.15 മുതൽ 06.08.15വരെ |
| | ആഷാനത്ത് എ.സി. | 07.08.15 മുതൽ 31.03.16 വരെ |
| വ്യവസായ വികസന ഓഫീസർ | ദീപു ഡി. | 01.04.15മുതൽ 31.03.16 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | സാമ്പത്തിക വിശകലനം | 1(3) |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം | 1(4) |
| 5 | പദ്ധതി അവലോകനം | 1(5) |
| 6 | ആഭ്യന്തര നിയന്ത്രണം | 1(6) |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(7) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ഒന്നുമില്ല

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പാഴ്ചെലവായ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കണം | 3(1) |
| 2 | വിനിയോഗ വിവരം ലഭ്യമല്ല-55552 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. | 3(2) |
| 3 | റി ക്ലപ്പ് ചെയ്യുന്ന തുക കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് | 3(3) |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ | 3(4) |
| 5 | നിർഭയ പുനരധിവാസ കേന്ദ്രം - കെട്ടിടം - ഉപയോഗപ്പെടുത്താത്തതിനാൽ നശിച്ചുപോകുന്നു. | 3(5) |
| 6 | ആറ്റാശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - ഉപയോഗപ്രദമാക്കണം. | 3(6) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |

| | | |
|---|---|---|
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 11.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.07.2016 | ബാധകമല്ല | ബാധകമല്ല |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 43704411/-

വരവ് -138451777/-

ആകെ -182156188/-

ചെലവ് -137935542/-

നീക്കിയിരിപ്പ്- 44220646/-

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | തൻ വർഷ ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 9321927 | 22759696 | 2931833 | 35013456 | 35013456 | 0 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 5539339 | 19991459 | 0 | 25530798 | 22598965 | 2931833 | 0 | 88.51 |
| വികസന ഫണ്ട് | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | | | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2922373 | 2436222 | | 5358595 | 5358595 | 0 | 0 | 100 |
| കേന്ദ്രാ വിഷ്കൃതം | 20466639 | 89846355 | 0 | 110312994 | 72426353 | 0 | 37886641 | 65.66 |
| ബി ഫണ്ട് | 0 | 765000 | 0 | 765000 | 765000 | 0 | 0 | 100 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 44732223 | 96 | 34319717 | 2 | 9 | 89.5 |

## 1-6 ആഭ്യന്തരനിയന്ത്രണം

വിശദമായ ഓഫീസ് ഓർഡറിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എല്ലാ സെക്ഷനുകളിലും തൻപതിവേട് സൂക്ഷിക്കുകയും എല്ലാ മാസവും ഇത് എച്ച്.സി.യും സെക്രട്ടറിയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.6.16 മുതൽ 01.3.16 വരെ | 01.04.15 മുതൽ 31.03.16 വരെ | 19.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.16 മുതൽ 01.03.16 വരെ | 01.8.013 മുതൽ 31.01.16 വരെ | 20.04.2016 |

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാഴ്ച്ചെലവായ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കണം

പ്രൊ.നം-72/16 ബ്ലോക്ക് പരിധിയിലെ പട്ടികജാതിക്കാരായ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ നല്കൽ

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 1800000 രൂപ (പ്ലാൻ SCP)

ചെലവ് : 14040 രൂപ ട്രഷറി ബിൽ നം-23/15-16/31.3.2016

വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ ആവിഷ്കരിച്ച പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് യഥാസമയം ലഭ്യമാക്കുന്നതിന് കഴിഞ്ഞില്ല. പദ്ധതിക്കു വേണ്ടി സൈക്കിളുകൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചുകൊണ്ട് 01.03.2016 ന് പത്രപരസ്യം പ്രസിദ്ധീകരിച്ചിരുന്നു. പരസ്യപ്രകാരം 22.3.2016 ആയിരുന്നു ടെൻഡറുകൾ തുറക്കുന്ന തിയ്യതി. അപ്പോഴേക്കും 2015-16 അദ്ധ്യയന വർഷത്തിൽ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ അദ്ധ്യയനം അവസാനിക്കുകയും പദ്ധതി ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു. 2016-17 വർഷത്തിൽ ഈ പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുമില്ല. അദ്ധ്യയന വർഷം അവസാനിക്കാൻ 30 ദിവസം മാത്രം ബാക്കി നിൽക്കെ ടെൻഡർ പരസ്യം നൽകുമ്പോൾ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയില്ല എന്ന വസ്തുത വ്യക്തമായിരുന്നു. ഇക്കാര്യങ്ങൾ പരിഗണിക്കാതെ ഫുൾടെക്സ്റ്റ് ടെൻഡർ പരസ്യം നൽകിയത് വഴി 14040 രൂപ പാഴ്ചെലവായി. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 4/13.2.17 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദാംശങ്ങൾ ആവശ്യപ്പെടുകയുണ്ടായി. 47/17/15.2.17 ആയി സമർപ്പിച്ച മറുപടിയിൽ ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭാ അംഗീകാരം ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## **3-2** വിനിയോഗ വിവരം ലഭ്യമല്ല-**55552** രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

പ്രൊ.നം. - 71/16 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നല്കൽ

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 1800000 രൂപ (പ്ലാൻ SCP)

ചെലവ് : 1478864 രൂപ ട്രഷറി ബിൽ നം-23/15-16/31.3.2016

ഈ പദ്ധതിക്കു വേണ്ടി SIDCO യിൽ നിന്ന് 372 സെറ്റ് ഫർണിച്ചർ (കസേരയും മേശയും) വാങ്ങിയതിൽ 356 സെറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. 3472 രൂപ നിരക്കിൽ വാങ്ങിയ 16 സെറ്റ് ഫർണിച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിതരണം ചെയ്യാത്തവ ഭൗതിക പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം-4/13.2.2017 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15.2.17 ന് സമർപ്പിച്ച മറുപടിയിൽ ലഭിക്കാൻ ബാക്കിയുള്ള അക്വിറ്റൻസ് ശേഖരിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖകളുടെ അഭാവത്തിൽ 16 സെറ്റ് ഫർണിച്ചറിന്റെ വിലയായ 55552/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## **3-3** റി ക്രൂപ്പ് ചെയ്യുന്ന തുക കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച്

2014-15,2015-16 വർഷങ്ങളിൽ അമ്പലപ്പാറ സി.എച്ച്.സി യിലെ കണ്ടിൻജന്റ് ചെലവുകൾക്കുള്ള തുകകൾ ആശുപത്രി മാനേജിംഗ് കമ്മറ്റിയുടെ അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചത് 2015-16 ൽ പൊതു ആവശ്യ ഗ്രാന്റിൽ നിന്ന് റീ ക്ലപ്പ് ചെയ്ത് നൽകിയിട്ടുണ്ട്. ഈ ഇനത്തിലുള്ള വരവിനോടൊപ്പം മുൻവർഷത്തെ ചെലവുകളും തുക റി ക്ലപ്പ് ചെയ്ത് കിട്ടിയ തിയ്യതിയിലാണ് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എച്ച്.എം.സി ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്ന തുകകളുടെ ചെലവുകൾ അതേ തിയ്യതിയിൽ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും തുക റീ ക്ലപ്പ് ചെയ്ത് കിട്ടുന്ന മുറക്ക് കാഷ് ബുക്കിൽ ആയത് രേഖപ്പെടുത്തി എച്ച്.എം.സി ഫണ്ടിലേക്ക് വരവ് വെക്കേണ്ടതുമാണ്.

## 3-4 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം: 78 (61 പുതിയതും 17 സ്പിൽ ഓവറും)

നടപ്പിലാക്കിയത് : 73 (56 പുതിയതും 17 സ്പിൽ ഓവറും)

അടങ്കൽ : 44732223/-

ചെലവ് : 34319717/-

ബ്ലോക്ക് പഞ്ചായത്ത് 2015-16 ൽ തയ്യാറാക്കിയ പദ്ധതികളുടെ ആകെ അടങ്കലായ രൂ:178165823/-ന്റെ 25% അസിസ്റ്റന്റ് എഞ്ചിനീയറിനെയായിരുന്നു ഏൽപ്പിച്ചത്. ലഭിച്ച തുകയുടെ 70% തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. എഗ്രിമെന്റ് രജിസ്റ്ററിലും, കരാറുകാറുകാരനും അസി. എക്സി. എഞ്ചിനീയറും തമ്മിൽ ഉണ്ടാക്കുന്ന കരാറിലും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതു സംബന്ധിച്ചും കരാറിലെ 26ാം ഖണ്ഡിക പ്രകാരം സ്ഥാപിക്കേണ്ട ബോർഡ് പദ്ധതി പ്രദേശത്ത് സ്ഥാപിക്കാത്തതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 2-നുള്ള മറുപടിയിൽ ഈ അപാകതകൾ നടപ്പുവർഷം മുതൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

2. മരാമത്ത് പ്രവൃത്തികളുടെ കരാർ ഒപ്പിടുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ സമയം അനുവദിക്കേണ്ടതും, കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ കരാർ പ്രകാരം നടപടി സ്വീകരിക്കേണ്ടതും ആണ്.

3. 11 സ്പിൽ ഓവർ പ്രവൃത്തികൾ അടക്കം 16 പ്രവൃത്തികൾ തൻ വർഷം ഗുണഭോക്തൃക്കമ്മറ്റി മുഖന നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവത്തികളുടെ ഫയലുകൾ വിശദമായി പരിശോധിച്ചു. മസ്റ്റർ റോളുകൾ ആരും സാക്ഷ്യപ്പെടുത്തുന്നില്ല. ദൈനംദിനച്ചെലവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും ഗുണഭോക്തൃക്കമ്മറ്റി യോഗം വിളിച്ച് പ്രവത്തി പുരോഗതി വിലയിരുത്തുന്നില്ല. ഭൂരിപക്ഷം പ്രവൃത്തികളിലും കമ്മറ്റി രൂപീകരണത്തിനുശേഷം യോഗം കൂടുന്നില്ല. ഗുണഭോക്തൃക്കമ്മറ്റി മുഖേന പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 നിർഭയ പുനരധിവാസ കേന്ദ്രം - കെട്ടിടം - ഉപയോഗപ്പെടുത്താത്തതിനാൽ നശിച്ചുപോകുന്നു

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി രൂ:17,69,159/- ചെലഴിച്ച് നിർമ്മിച്ച നിർഭയ പുനരധിവാസ കേന്ദ്ര കെട്ടിടം, മുഴവൻ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാൽ,

ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. എസ്റ്റിമേറ്റിൽ ഫ്ലോറിങ്ങ്, പെയ്ന്റിങ്ങ്, പ്ലമ്പിങ്ങ്, ഇലക്ട്രിഫിക്കേഷൻ ഇവ ഉൾപ്പെടുത്താതിരുന്നതിനാലാണ് കെട്ടിടം ഉപയോഗിക്കാൻ സാധിക്കാതെ വന്നത്. കെട്ടിടം പണി പൂർത്തിയാക്കി ഉപയോഗപ്പെടുത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നം.92/16(76/15) നിർഭയ പുനരധിവാസ കേന്ദ്രം - കെട്ടിട നിർമ്മാണം - വാണിയംകുളം - ഒറ്റപ്പാലം എന്ന പദ്ധതി 2014-15 വർഷം ആവിഷ്കരിച്ചതാണെങ്കിലും പ്രവൃത്തിയുടെ കരാർ ഒപ്പുവെച്ച് സൈറ്റ് കൈമാറിയത് 10.06.2015ലാണ്. കരാർ (കരാർ നം.1/15-16/10.06.2015) പ്രകാരമുള്ള പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് ബിൽ നം.78/30.03.16 പ്രകാരം രൂ:1769159/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ഫ്ലോറിങ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, പ്ലമ്പിങ് പ്രവൃത്തികൾ ഇവ ഉൾപ്പെടുത്താത്തതിനാൽ കെട്ടിടം നാളിതുവരെ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. നിരാലംബരും പീഡിപ്പിക്കപ്പെട്ടവരുമായ വനിതകൾക്ക് കൗൺസിലിംഗ്, താമസം, തൊഴിൽ പരിശീലനം ഇവ ലക്ഷ്യമിട്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഈ പദ്ധതിക്കായി നിർമ്മിച്ച കെട്ടിമാണ് പൂർത്തീകരിക്കാതെ ചിതലരിക്കാൻ തുടങ്ങിയിരിക്കുന്നത്. നിലത്തു നിന്നും ചിതൽ വന്ന് മതിലിലേക്ക് കയറുന്ന അവസ്ഥയാണിപ്പോൾ. വാതിലിലേക്കും ജനലിലേക്കും ചിതൽ കയറിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ഉത്തരവ് (എം.എസ്) നം. 362/2013 തീയതി 16.11.2013 പ്രകാരം പ്രസിദ്ധീകരിച്ച പദ്ധതിമാർഗ്ഗരേഖ ഖണ്ഡിക നം.11.13(xiv)(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായി ഉൾപ്പെടുത്തിയിരിക്കണം. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ, അഥവാ അങ്ങിനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണം എന്നിങ്ങനെ നിഷ്കർഷിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് പ്രോജക്ട് ആവിഷ്കിച്ച് ഉദ്ദേശിച്ച പ്രകാരം കെട്ടിടം വനിതകളുടെ ഉന്നമനത്തിനായി ഉപയോഗപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 ആറ്റാശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - ഉപയോഗപ്രദമാക്കണം

പ്രോജക്ട് നം. 80/16 (01/15): ആറ്റാശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - തൃക്കടീരി ഗ്രാമപഞ്ചായത്ത് എന്ന സ്പിൽ ഓവർ പദ്ധതി രൂ:496,718/- ചെലവഴിച്ച് പൂർത്തീകരിച്ച എങ്കിലും നിലവിൽ കറണ്ട് കണക്ഷൻ തകരാർ ആയതിനാൽ പ്രവർത്തിക്കാത്ത നിലയിലാണ്.

അടങ്കൽ തുക: 500,000/- ചെലവുതുക: 496,718/- ബിൽ നം: 01/15.07.15

കൺവീനർ : അബൂബക്കർ ഹാജി. അളവു പുസ്തകം: 50/14-15

പൂർത്തിയാക്കിയ കുഴൽ കിണറിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ട്. 10HP മോട്ടോറും, പമ്പ് ഹൗസും, ജലവിതരണത്തിനായി 1060 മീറ്റർ പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുണ്ട്. 3 Phase ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമാക്കിയെങ്കിലും 9.2.2017ന് ഓഡിറ്റ് ടീം നേരിട്ട് സ്ഥലം സന്ദർശിച്ച സമയത്ത് വൈദ്യുതി ലൈനിലെ തകരാർ കാരണം ജലവിതരണം നടക്കുന്നില്ല എന്ന് മനസിലാക്കാൻ കഴിഞ്ഞു. കൃഷിക്കാർക്ക് ജലം അത്യാവശ്യമായ കടുത്ത വേനൽകാലത്ത് ജലവിതരണം തടസപ്പെട്ടിട്ടും അടിയന്തിര നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല.

അപാകതകൾ പരിഹരിച്ച് ജലവിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി

സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 2015-16 | 12414700 | ഐ.എ.വൈ. ഗ്രാമ പഞ്ചായത്ത് വഹിതം | 8397875 | 4016825 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 15936000 | ഐ.എ.വൈ. ബ്ലോക്ക് പഞ്ചായത്ത് വഹിതം | 12296000 | 3640000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 3788479 | ഐ.എ.വൈ. ജില്ലാ പഞ്ചായത്ത് വഹിതം | 11981750 | മുൻ വർഷത്തെ നീക്കിയിരിപ്പിൽ നിന്നും 8193271 ചെലവഴിച്ചു |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 95 മുതൽ 97-98 വരെ | 19 | 1999-2000 | IV (b) | പേവിഷ നിയന്ത്രണ പദ്ധതി-അനാവശ്യ ചെലവ് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചു. ലഭ്യമായ മേൽവിലാസത്തിൽ നൽകിയ കത്തുകൾ മടങ്ങി വന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹. 138451777/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹. 137935542/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :രു:14040/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രു:55552/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14040 | ഷാജി കെ.സി., പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 55552 | ഷാജി കെ.സി., പട്ടികജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജി. കെ.സി | SCDO, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല. | ഷാജി ഹൗസ്, നടക്കാവ്, താനൂർ, മലപ്പുറം ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി(8).843/08/11.11.11 | മുഴുവൻ |
| 1996-97 | എൽ.എഫ്.പി(8).843/08/11.11.11 | മുഴുവൻ |
| 1997-98 | എൽ.എഫ്.പി(8).843/08/11.11.11 | മുഴുവൻ |
| 1998-99 | എൽ.എഫ്.പി(8).960/12/27.2.12 | മുഴുവൻ |
| 1999-00 | എൽ.എഫ്.പി(8).1280/11/29.03.12 | മുഴുവൻ |
| 2000-01 | എൽ.എഫ്.പി(8).1284/11/8.2.10 | മുഴുവൻ |
| 2001-02 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2002-03 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2003-04 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2004-05 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2005-06 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2006-07 | എൽ.എഫ്.പി(8).90/06/20.1.10 | തുടർ നടപടി |
| 2007-08 | എൽ.എഫ്.പി(8).787/12/2.6.12 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി(8).788/12/2.6.12 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി(8).998/13/21.3.14 | റിപ്പോർട്ട് |
| 2010-11 | എൽ.എഫ്.പി(8).998/13/21.3.14 | റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി(8).1521/14/7.1.15 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2012-13<br>2013-14 &<br>2014-15 | നം.കെ.എസ്.എ.-പി .കെ.ഡി 8/1750/15/ 19.01.2016 | റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്